## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *79 | 20.3.2013-ലെ മറുപടിക്ക്

## സർക്കാരാശുപത്രികളിലെ ലാബ്, സ്കാൻ സൗകര്യങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. ബാബു എം. പാലിശ്ശേരി<br>ശ്രീ. കെ. കെ. നാരായണൻ<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | മെഡിക്കൽ കോളേജുൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിലെ ലാബുകളുടെയും സ്കാൻ സെന്ററുകളുടെയും അപര്യാപ്തത മുതലെടുത്ത് ഡോക്ടർമാർ തങ്ങൾക്ക് താല്പര്യമുള്ള ലാബുകളിലും സ്കാൻ സെന്ററുകളിലും രോഗികളെ അയച്ച് കമ്മിഷൻ പറ്റുന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതൊഴിവാക്കാനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം സംഭവങ്ങൾ ഒഴിവാക്കാൻ സർക്കാർ ആശുപത്രികളിലെ ലാബുകളുടെ പ്രവർത്തനം വിപുലപ്പെടുത്താൻ നടപടികൾ സ്വീകിച്ചു വരുന്നു. ഓരോ വർഷവും സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി ലാബുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു. RSBY പദ്ധതി നടപ്പിലാക്കുന്ന ആശുപത്രികളിൽ സ്വകാര്യ ലാബുകളുമായി കുറഞ്ഞ നിരക്കിൽ കരാർ ഏർപ്പെടുത്തി രോഗികളെ സഹായിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ബി) | സർക്കാരാശുപത്രികളിലെ ലാബ്, സ്കാൻ സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ എന്തെങ്കിലും പദ്ധതി ഉണ്ടോ ; വിശദമാക്കാമോ ; | ബി) | സംസ്ഥാന ആരോഗ്യ വകുപ്പിനെ സംബന്ധിച്ചിടത്തോളം ലാബ് സൗകര്യങ്ങൾ പരമാവധി എല്ലാ ആശുപത്രികളിലും ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് തിരുവനന്തപുരത്ത് ഒരു സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബും കോഴിക്കോട്, എറണാകുളം, കണ്ണൂർ എന്നിവിടങ്ങളിൽ റീജിയണൽ പബ്ലിക് ഹെൽത്ത് ലാബും, കൊല്ലം, ആലപ്പുഴ ജില്ലകളിൽ ജില്ലാ പബ്ലിക് ഹെൽത്ത് ലാബും നിലവിലുണ്ട്. എല്ലാ പ്രധാന |

പരിശോധനകളും ഈ ലാബുകളിൽ നടത്തി വരുന്നുണ്ട്. ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ജനറൽ, ജില്ല, താലൂക്ക് ആശുപത്രികളിലും എല്ലാ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും ചില പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ക്ലിനിക്കൽ ലബോറട്ടറികളുടെ സേവനം ലഭ്യമാണ്. ഇപ്പോൾത്തന്നെ സംസ്ഥാനത്തെ ജനറൽ ആശുപത്രികളിലും ജില്ലാ ആശുപത്രികളിലും സി.റ്റി സ്കാൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. 2012-13 സാമ്പത്തിക വർഷത്തിൽ 5 ജില്ലാ ആശുപത്രികളിൽ സി.റ്റി സ്കാൻ ഏർപ്പെടുത്താനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

| | | | |
|---|---|---|---|
| സി) | നിലവാരമുള്ള ലാബുകളുമായും സ്കാൻ സെന്ററുകളുമായും കരാറിലേർപ്പെട്ട് രോഗികൾക്ക് കമ്മിഷൻ ഒഴിവാക്കി മിതമായ നിരക്കിൽ സൗകര്യം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | സി) | സ്വകാര്യ ലാബുകളുമായി കുറഞ്ഞ നിരക്കിൽ കരാർ ഏർപ്പെടുത്തി രോഗികളെ സഹായിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ